MONDAY

13/10/2025

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor :** SINDHU. KS **Editor :** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/10/2025

1. മലബാറി ആടുകളുടെ സംരക്ഷണത്തിനായി സംസ്ഥാനത്ത് ആദ്യമായി കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ, NLM പദ്ധതിയിൽ ഉൾപ്പെടുത്തി, ആടുകൾക്കായി ഒരു "മികവിന്റെ കേന്ദ്രം" CENTRE OF EXCELLENCE സ്ഥാപിക്കുന്നതിലേക്കായുള്ള ആട് ഫാം കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഈ കേന്ദ്രത്തിൽ ഏകദേശം 1000 ആടുകളെ വളർത്തുകയും, ഉത്പാദിപ്പിക്കുന്ന ആട്ടിൻകുട്ടികളെ കർഷകർക്ക് ബുക്കിംഗ് അടിസ്ഥാനത്തിൽ സബ് സിഡി നിരക്കിൽ നൽകുകയും ചെയ്യും. ഈ സ്ഥാപനത്തെ "മികവിൻറെ കേന്ദ്രമായി" ഉയർത്തുന്നതിന് വേണ്ടി പുതുതായി നിർമ്മിച്ച ഉന്നതസാങ്കേതികവിദ്യയിലധിഷ്ഠിതമായ ആധുനിക ഇരുനില കെട്ടിടത്തിന്റെ ഉദ്ഘാടനം 2025 ഒക്ടോബർ മാസം 15ന് വൈകുന്നേരം 3.00 മണിക്ക് കേരള സംസ്ഥാന മൃഗസംരക്ഷണം, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി, പാറശ്ശാല എം. എൽ. എ. സി. കെ. ഹരീന്ദ്രൻ ന്റെ സാന്നിധ്യത്തിൽ പാറശ്ശാല സർക്കാർ ആട് വളർത്തൽ കേന്ദ്രത്തിൽ വച്ച് നിർവഹിക്കുന്നു. തുടർന്ന് ഈ സ്ഥാപനത്തെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

"മികവിൻറെ കേന്ദ്രമാക്കിയുള്ള" പ്രഖ്യാപനം തിരുവനന്തപുരം ലോക്സഭാ എം.പി ഡോ. ശശി തരൂർ, G. S. കൺവൻഷൻ സെന്റർ കുറുംകുട്ടിയിൽ വച്ച് നിർവഹിക്കുന്നതാണ്. പ്രസ്തുത സമ്മേളനത്തിൽ വച്ച് MLA-SDF ഫണ്ടുപയോഗിച്ച്, തിരഞ്ഞെടുത്ത ക്ഷീരസഹകരണ സംഘങ്ങൾക്ക് AMCU വിതരണവും ഉണ്ടായിരിക്കുന്നതാണ്. അതോടനുബന്ധിച്ച് ആട്ടുവളർത്തലുമായി ബന്ധപ്പെട്ട സെമിനാറും ഉണ്ടായിരിക്കുന്നതാണ്.

2. കുട്ടനാട്ടിൽ രണ്ടാം കൃഷി ഇറക്കിയ പാടശേഖരങ്ങളിൽ വ്യാപകമായി ഓലചുരുട്ടിപ്പുഴുവിൻറെ ആക്രമണം കാണപ്പെടുന്നു. വിതച്ച് 20 ദിവസം മുതൽ 90 ദിവസം വരെ പ്രായമായ ചെടികളിൽ കീടസാന്നിധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മിക്കവാറും എല്ലാ പാടശേഖരങ്ങളിലും വലിയ തോതിൽ ഓലചുരുട്ടിയുടേയും ചില പാടശേഖരങ്ങളിൽ തണ്ടുതുരപ്പൻറേയും ശലഭങ്ങളെ ധാരാളമായി കാണുന്നുണ്ട്. ഈ സാഹചര്യത്തിൽ മാർഗ്ഗ നിർദ്ദേശങ്ങൾക്കായി കർഷകർക്ക് സംസ്ഥാന കീടനിരീക്ഷണ കേന്ദ്രവുമായി 9383470697

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണെന്ന് ആലപ്പുഴ കീട നിരീക്ഷണ കേന്ദ്രം പ്രോജക്ട് ഡയറക്ടർ അറിയിച്ചു.

## പരിശീലന പരിപാടി

3. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ **ഒക്ടോബർ 14, 15** തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്സ് അപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

4. ക്ഷീരവികസന വകുപ്പിൻറെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഒക്ടോബർ 22 മുതൽ 24 വരെ ക്ഷീര സഹകരണ സംഘം ലാബ് അസിസ്റ്റൻറ് മാർക്കുള്ള പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 ഒക്ടോബർ 21-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0471 – 2440911 മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം 695004. ഇ – മെയിൽ- principaldtctvm@gmail.com.

5. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ **ഒക്ടോബർ 15 ന്** എരുമ വളർത്തൽ എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺനമ്പർ 04972-763473.

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയമായ വിളവെടുപ്പിലുള്ള പരിശീലനം 2025 ഒക്ടോബർ 21, 22 തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിംഗ് രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിത കമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ്, ഉത്തേജക ഔഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ് ആപ്പ്

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ -മെയിൽ :training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം